# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume:2, Issue:17

നവംബർ 15 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# ആസാദി കാ അമൃത് മഹോത്സവ് അങ്ങാടിക്കടവിൽ

**അക്ഷയ് തിലകൻ**





*ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി നടന്ന പ്രദർശനം*

അങ്ങാടിക്കടവ്: സ്വാതന്ത്ര്യ ദിനത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് ഇന്ത്യ മുഴുവൻ ആഘോഷിക്കുന്ന ആസാദി കാ അമൃത് മഹോത്സവ് അങ്ങാടികടവ് ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിൽ വച്ച് നടന്നു.

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിൽ കണ്ണൂരിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബ്യൂറോ കമ്മ്യൂണിക്കേഷനും ഡോൺബോസ്കോ കോളേജ് എൻ.എസ്.എസ് യൂണിറ്റും സംയുക്തമായി നേതൃത്വം നൽകിയ ആസാദി കാ അമൃത് മഹോത്സവം പേരാവൂർ നിയോജകമണ്ഡലം എം എൽ എ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

എഴുപത്തഞ്ചാം സ്വാതന്ത്ര്യദിനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് 2022 മാർച്ച് 12 മുതൽ 2023 ആഗസ്റ്റ് 15 വരെ നടക്കുന്ന പ്രചരണമാണ് ആസാദി കാ അമൃതോത്സവ്. സ്വാതന്ത്ര്യം, ആശയം, നേട്ടങ്ങൾ, പ്രവർത്തി, ചരിത്രം, എന്നീ പ്രമേയങ്ങളെ ആസ്പദമാക്കിയാണ് എല്ലാ സംസ്ഥാനങ്ങളിലും ആസാദി കാ അമൃതോത്സവം നടത്തുന്നത്.

ആഘോഷങ്ങളുടെ ഭാഗമായി സ്വാതന്ത്രസമര ചരിത്രം, സ്വതന്ത്ര ഇന്ത്യയിലെ വികസന നാഴികകല്ലുകൾ, നൂതന വികസന പദ്ധതികൾ, കുടുംബശ്രീ സ്റ്റാളുകൾ തുടങ്ങിയവയുടെ പ്രദർശനം നടത്തി. പ്രദർശനത്തോടൊപ്പം ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ ജലശുദ്ധീകരണത്തിനുള്ള പ്ലാന്റ് വീടുകളിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങളും നൽകി.

ഡോൺബോസ്കോ കോളേജ് പ്രിൻസിപ്പാൾ ഫാദർ ഫ്രാൻസിസ് കാരക്കാട്ട്, പ്രമുഖ പരിസ്ഥിതി ചിന്തകൻ വിജയകുമാർ ബ്ലാത്തൂർ, ശുചിത്യ മിഷൻ റിസോഴ്സ് പേർസൺ ഇ. മോഹനൻ, ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ ജോളി അഗസ്റ്റിൻ എന്നിവർ പ്രദർശനത്തിൽ പങ്കെടുത്തു,

# ദേശീയ വടംവലിയിലെ അയ്യൻകുന്നുകാർ

**ജിസ്ന ഷിഫ**

അങ്ങാടികടവ്: ഹരിയാനയിലെ കുരുക്ഷേത്രയിൽ വച്ച് നടന്ന ദേശീയതല വടംവലി മത്സരത്തിൽ ഉജ്ജ്വലവിജയം കാഴ്ച്ചവച്ച് അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ പ്രതിഭകൾ. ഒക്ടോബർ മാസാവസാനം നടന്ന ദേശീയതല മത്സരത്തിൽ മിക്സഡ് വിഭാഗത്തിൽ കണ്ണൂർ ജില്ലയിൽ നിന്നും നാലുപേരാണ് കേരളത്തെ പ്രതിനിധീകരിച്ചത്. ഇവരിൽ അലീന ടി എസ് തെക്കിനിയിൽ, കെ കെ ശ്രീരാജ്, ആൽബിൻ ജോസഫ് എന്നിവർ അയ്യൻകുന്ന് നിവാസികളാണ്.

കരിക്കോട്ടക്കരി കൊട്ടുകപ്പാറ സ്വദേശിനിയായ അലീന ടി എസ് തെക്കിനിയിൽ മിക്സ്ഡ് ടീം ക്യാപ്റ്റൻ ആയിരുന്നു. ഇതിന് മുൻപും അലീന ദേശീയ തലത്തിൽ കേരളത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. ആൽബിൻ ജോസഫ് തുടിമരം സ്വദേശിയും കെ കെ ശ്രീരാജ് മുണ്ടയാംപറമ്പ് സ്വദേശിയുമാണ്. ഇവരിൽ അലീന, ആൽബിൻ എന്നിവർ അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിലെ പൂർവ്വ വിദ്യാർത്ഥികളാണ്.





*ടി എസ് അലീന, കെ കെ ശ്രീരാജ്, ആൽബിൻ ജോസഫ്*

ആൺ, പെൺ, മിക്സ്ഡ്, എന്നീ വിഭാഗങ്ങളിലായി കേരള ടീം മത്സരിച്ചു. ഇതിൽ പെൺകുട്ടികളുടെ വിഭാഗത്തിലും മിക്സഡ് വിഭാഗത്തിലും ഒന്നാം സ്ഥാനവും 600 കിലോഗ്രാം ആൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടാം സ്ഥാനവും കേരളാ ടീം കരസ്ഥമാക്കി. ഒക്ടോബർ 15 മുതൽ 25 വരെ പാലക്കാട് നടന്ന പരിശീലന ക്യാമ്പിന് ശേഷമാണ് ദേശീയ തല മത്സരത്തിൽ ടീം പങ്കെടുത്തത്. കാസർഗോഡ് സ്വദേശികളായ രാജീവൻ കാസർഗോഡ്, വാസന്തി ടീച്ചർ എന്നിവർ ആയിരുന്നു കേരള ടീമിന്റെ മുഖ്യപരിശീലകർ. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 16 ടീമുകൾ മത്സരിച്ച മിക്സഡ് വിഭാഗത്തിൽ സെമിഫൈനലിൽ ഡൽഹിയേയും ഫൈനലിൽ ഹരിയാനയേയുമാണ് കേരളാ ടീം പരാജയപ്പെടുത്തിയത്.

# കോളേജ് യൂണിയൻ ഉദ്ഘാടനവും കലോൽസവലോഗോ പ്രകാശനവും

**ജിസ്ന ഷിഫ**



*നിയുക്ത കോളേജ് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനം ഏൽക്കുന്നു*

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളജ് അങ്ങാടിക്കടവ് 2022 - 2023 വർഷത്തെ കോളേജ് യൂണിയൻ ഉദ്ഘാടനം പ്രശസ്ത ഫ്ലൂട്ടിസ്റ്റ് അഭിജിത് കണ്ണൂർ നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഫ്രാൻസിസ് കാരക്കാട്ട് യൂണിയൻ അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

ചെയർമാൻ ആൽജോ ജോൺസണ്, വൈസ് ചെയർപേഴ്സൺ അനാമിക ഗൗരി, ജനറൽ സെക്രട്ടറി സി അബിത, ജോയിന്റ് സെക്രട്ടറി ശരണ്യ വിജയൻ, ഫൈൻ ആർട്സ് സെക്രട്ടറി മുഹമ്മദ് അബ്ദുൾ ബായിസ്, ജനറൽ ക്യാപ്റ്റൻ ആനന്ദ് സജി, യു.യു.സി ജീവൻ ജോർജ്, ജോയൽ ജോർജ്, മാഗസിൻ എഡിറ്റർ ഐഷ ഹനീൻ, പി ജി റെപ് അലൻ ജോസഫ് മൂന്നാം വർഷ യൂ ജി റെപ് എ റ്റി ആഷ, രണ്ടാം വർഷ യൂ ജി റെപ് ടി എം അർജുൻ, ഒന്നാം വർഷ യൂ ജി റെപ് മെൽവിൻ മാത്യു ഷൈജു എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റത്.

കോളേജ് യൂണിയൻ ഉദ്ഘാടനത്തോടൊപ്പം കോളേജ് കലോൽസവം ധനക് 2022; 'കാർവിങ് റെയ്ൻബോസ് ഇൻ ആർട്സ്' ലോഗോ പ്രകാശനവും ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഫാ. ഫ്രാൻസിസ് കാരക്കാട്ട്, ചെയർമാൻ ആൽജോ ജോൺസണ്, പി റ്റി എ വൈസ് പ്രസിഡന്റ് മാത്തുക്കുട്ടി പന്തപ്ലാക്കൽ, പി റ്റി എ വൈസ് ചെയർപേഴ്സണ് ജിന കെ മാത്യു, ആർട്സ് കോഡിനേറ്റർ പി എം സിന്ധു, യൂണിയൻ അഡ്വൈസർ ശിൽപ വിചിത്രൻ, ഫൈൻ ആർട്സ് സെക്രട്ടറി അബ്ദുൾ ബായിസ്, ജനറൽ സെക്രട്ടറി സി അബിത എന്നിവർ സംസാരിച്ചു.


വാർത്തകൾക്കും പരസ്യങ്ങൾക്കും ബന്ധപ്പെടുക 9496698531

## എഡിറ്റോറിയൽ

# വിദ്യാഭ്യാസം 'നല്ലതിനെ' കണ്ടെത്തണം

*'ഒരു ശിശുവിന്റെ ശരീരത്തിലും മനസിലും ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം.' - മഹാത്മാ ഗാന്ധി*

ഒരു വ്യക്തിയുടെ മൗലികാവകാശമാണ് വിദ്യാഭ്യാസം. മാനസിക വും ബൗദ്ധികവുമായ വളർച്ചയാണ് അത് ലക്ഷ്യമിടുന്നത്. ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ വാർത്തെടുക്കുന്നതിൽ; അച്ചടക്കം, ക്ഷമാശീലം, കൃത്യനിഷ്ഠ, സത്യസന്ധത, സൗഹാർദ്ദം, തുടങ്ങിയ ഗുണവിശേഷങ്ങളൊക്കെ ആർജിക്കുന്നതിൽ വിദ്യാഭ്യാസവും വളർന്നു വരുന്ന ചുറ്റുപാടും സ്വാധീനം ചെലുത്തുന്നുണ്ട്. കാരണം വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത് കേവലം പാഠപുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾ മാത്രമല്ല. മറിച്ചു, ഒരു വ്യക്തിയെ സാമൂഹ്യജീവിയായി പരിവർത്തനപ്പെടുത്തി അവനുള്ളിൽ ഒളി ഞ്ഞിരിക്കുന്ന മറ്റനേകം സർഗ്ഗ വാസനകളെ രാകിമിനുക്കി ആ വ്യക്തിത്വത്തെ അതിന്റെ പൂർണാവസ്ഥയിലേക്ക് എത്തിക്കുക എന്നുള്ളതും കൂടിയാണ്. ഇത്തരത്തിൽ വിദ്യ അഭ്യസിക്കുന്നതിനോടൊപ്പം തന്നെ തങ്ങളുടെ കഴിവുകളെ വികസിപ്പിച്ചു ലോക ജനതയ്ക്ക് മാതൃകയായി മാറിയ ഒട്ടനേകം വ്യക്തിത്വങ്ങൾ നമുക്ക് ചുറ്റുമുണ്ട്.

ഇന്റർനാഷണൽ ചെസ്സ് മാസ്റ്റർ ആയിരുന്ന മാഗ്നസ് കാൾസനെ തോൽപ്പിച്ച് ലോക ചാമ്പ്യനായി മാറിയ പതിനാറുകാരൻ പ്രഗ്നാനന്ദ ഏവർക്കും സുപരിചിതനാണ്. ഫെബ്രുവരിയിൽ ലോക ചാമ്പ്യനായി മാറിയപ്പോൾ രമേശ്ബാബു പ്രഗ്നാനന്ദ വെലമ്മൽ നെക്സസ് സ്കൂളിൽ വിദ്യാർത്ഥിയാണ്. പഠനസമയത്ത് തന്നെ ദേശീയതല വടംവലി മത്സരത്തിൽ വിജയം നേടിയവരും പഠിക്കുന്നതിനോടൊപ്പം തങ്ങളുടെ ഇത്തരത്തിലുള്ള സർഗവാസനകളെക്കൂടി വികസിപ്പിച്ചെടുക്കുന്നതാണ് വിദ്യാഭ്യാസം എന്നു മനസിലാക്കിയവരാണ്. വിദ്യാഭ്യാസം നിരന്തരമായ ഒരു പ്രക്രിയയാണ്. കുട്ടികളുടെ നൈസർഗ്ഗിക കഴി വുകൾ വികസിക്കുന്നത് വിദ്യാഭ്യാസ കാലത്താണ്. അതുകൊണ്ട് തന്നെ ഏതു പ്രായത്തിലുള്ളവർക്കും അവരുടെ ചിന്താഗതിയെ മാറ്റാനും പുതിയ ആദർശങ്ങൾക്കനുസരിച്ച് ജീവിക്കുവാനും അഭിരുചികൾക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്താനും വിദ്യാഭ്യാസം കൊണ്ടേ സാധിക്കൂ.

വിദ്യാഭ്യാസത്തിൽ എന്തെങ്കിലും പോരായ്മയുണ്ടായാൽ അത് വിദ്യാർത്ഥിയുടെ ഭാവിജീവിതത്തെ ബാധിക്കും. 'ആശാനക്ഷരമൊന്ന് പിഴച്ചാൽ അമ്പത്തൊന്ന് പിഴക്കും ശിഷ്യന്' എന്ന് പറയുന്നതിന്റെ പൊരുൾ മറ്റൊന്നല്ല. ഒരു വ്യക്തിത്വത്തെ അതിന്റെ പൂർണതയിലേക്ക് എത്തിക്കുന്നതിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്കിന്റെ പ്രാധാന്യം വളരെ വലുതാണെന്നിരിക്കെ, വിദ്യാഭ്യാസമെന്നാൽ പുസ്തകത്തിലെ അറിവുകൾ തലച്ചോറിൽ നിറച്ചു പരീക്ഷ എഴുതി പ്രോഗ്രസ്സ് കാർഡ് എ പ്ലസ് കൊണ്ട് നിറക്കലാണെന്ന് കരുതുന്നത് എത്രയോ ശോച്യാവസ്ഥയാണ്. ഇത്തരം കാലഹരണപ്പെട്ട രീതികളിൽ നിന്നുമാറി വിദ്യ നൽകി, ഒരു വ്യക്തിയെ സാമൂഹ്യജീവിയാക്കി പരുവപ്പെടുത്തി, തന്റെ അഭിരുചി കണ്ടെത്തി അതിന്റെ പൂർണതയിൽ എത്തിക്കുന്നിടത്ത് വിദ്യാഭ്യാസം ലക്ഷ്യം കൈവരിക്കുന്നു. അപ്പോൾ മാത്രമേ ജീവിതത്തിന്റെ സമസ്ത മേഖലകളിൽ പ്രശോഭിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

—എഡിറ്റർ

# അജയ്യനായി അജീഷ്

ജോയ്സ് മേരി ജോർജ്





'ജീവിതത്തിൽ ഇഷ്ടപ്പെടുന്ന ഒരു കാര്യത്തിനു വേണ്ടി പരിശ്രമിച്ചാൽ അംഗീകാരങ്ങളുടെപുറകേ പോകേണ്ടതില്ല. ഏതെങ്കിലും ഒരു കാലത്ത് അത് നമ്മെ തേടി വരും.' സ്വീകരണമുറിയിലിരുന്നു അജീഷ് സർ ഇത് പറയുമ്പോൾ കഠിന പരിശ്രമങ്ങളി ലൂടെ വിജയം നേടിയ ആത്മവിശ്വാസം ആ വാക്കുകളിൽ പ്രകടമായിരുന്നു. പ്രതിസന്ധികളെ ചവിട്ടുപടികളാക്കി ജീവിതലക്ഷ്യം നേടിയ പ്രതിഭയാണ് അങ്ങാടിക്കടവ് സ്വദേശി അറക്കപറമ്പിൽ അജീഷ് ആന്റണി.

ഒമ്പതാം ക്ലാസ്സിൽ യാദൃശ്ചികമായി ആരംഭിച്ച ചെസ് കളി പിന്നീട് ജീവിതത്തിന്റെ വഴിത്തിരിവാകുന്നു. കൈമുതലായി കിട്ടിയ ഈ വേറിട്ട മികവിനെ പ്രോത്സാഹിപ്പിക്കാൻ അന്ന് ആരും തന്നെ കൂടെ ഇല്ലായിരുന്നെങ്കിലും ചെസിനോടുള്ള ഇഷ്ടവും കൂടുതൽ അറിയാനുള്ള അഭിനിവേശവും സാധ്യതകൾ വിരളമായിരുന്നെങ്കിലും മുൻപോട്ട് പോകുവാനുള്ള കരുത്തായി മാറുന്നു. കഥ ഇവിടെയാണ് ആരംഭിക്കുന്നത്. അനുഭവങ്ങളുടെ പരുക്കൻ പ്രതലങ്ങൾ നൽകിയ ആർജവത്വം കൈമുതലായി സ്വീകരിച്ച പ്രതിഭയുടെ വിജയകഥ.

'കണ്ണൂർ ജില്ലാ ചാമ്പ്യൻ, കേരള സ്റ്റേറ്റ് ചാമ്പ്യൻ, ഓൾ ഇന്ത്യ ലെവൽ ട്രോഫികൾ നേടിയ അജീഷ് സാർ അണ്ടർ പത്തൊൻപത് ചെസ് മത്സരത്തിൽ താൻ തോൽപ്പിച്ചവർ പിന്നീട് ഏഷ്യൻ ഗെയിംസ് ചാമ്പ്യൻമാരായപ്പോൾ തനിക്ക് അവസരം നിഷേധിച്ച വിധിയെ പഴിച്ചില്ല. ബുദ്ധിമുട്ടേറിയ ജീവിത സാഹചര്യങ്ങളിൽ നിന്നുകൊണ്ട് കരസ്ഥമാക്കാൻ സാധിച്ച നേട്ടങ്ങൾ ഓർക്കുമ്പോൾ അവയ്ക്ക് ലോക കിരീടത്തെക്കാൾ തിളക്കമുണ്ട്. ചെസ് വഴി ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ ഇതിനോടകം എത്താൻ കഴിഞ്ഞിട്ടുണ്ട്. ചെസ് ഇതിഹാസങ്ങളായ വിശ്വനാ ഥൻ ആനന്ദ്, മാഗ്നസ് കാൾസൺ എന്നിവർ വേൾഡ് ചെസ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ മദ്രാസിൽ വന്നപ്പോൾ അവരെ നേരിൽ കാണാൻ സാധിച്ചിട്ടുണ്ട്'. അജീഷ് സർ പറയുന്നു.

കീഴൂർ എം.ജി കോളേജിൽ നിന്ന് ബി കോം പൂർത്തിയാക്കിയ അജീഷ് സർ ഇന്ന് തന്റെ മുഴുവൻ സമയ വും ചെസ് എന്ന സ്വപ്നത്തോടൊപ്പം ചില വഴിക്കുകയാണ്. ചെസ് പരിശീലനം നൽകുന്നതിനുവേണ്ടി പ്രത്യേക പരിശീലനകേന്ദ്രങ്ങളൊന്നും ഇല്ലെങ്കിലും ഇദ്ദേഹത്തിന്റെ പ്രതിഭയെ തിരിച്ചറിഞ്ഞ് ഒരുപാടു കുട്ടികൾ പരിശീലനത്തിനായി എത്തുന്നുണ്ട്. വിവിധങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെന്ന് കുട്ടികൾക്ക് പരിശീലനം നൽകുന്നുമുണ്ട്. കഴിഞ്ഞ ഒക്ടോബർ അവസാനം നടന്ന കണ്ണൂർ സർവ്വകലാശാല ചെസ് ചാമ്പ്യൻഷിപ്പിൽ റണ്ണേഴ്സ് അപ്പായ ഡോൺ ബോസ്കോ കോളേജ് ടീമിന്റെ പരിശീലകൻ ഇദ്ദേഹമായിരുന്നു. നാഷണൽ, ഏഷ്യൻ, ആഗോളതലങ്ങളിലൊക്കെ എത്തിനിൽക്കുന്ന ശിഷ്യഗണങ്ങളുണ്ടെന്നത് അഭിനന്ദനാർഹമാണ്. ചെസിന്റെ ലോകത്ത് ഉയരങ്ങൾ താണ്ടിയ അഭിഷേക്, അനന്യ ഇവരൊക്കെ അക്കൂട്ടത്തിൽ പെടുന്നു.

'യാത്രകൾ ഒത്തിരി ഇഷ്ടമാണ്. ഹിമാലയ സാനുക്കളൊക്കെ സന്ദർശിച്ചിട്ടുണ്ട്. ഇത്തരം യാത്രകൾ വിശാലമായി ചിന്തിക്കാനും ഏകാഗ്രത നിലനിർത്താനും സഹായിക്കും. കുറേ കാര്യങ്ങൾ ചെസിലൂടെ നേടിയെടുത്തിട്ടുണ്ട്. വ്യത്യസ്തമായി ചിന്തിക്കാനും ആഴത്തിൽ പോകാ നും ക്ഷമയും അച്ചടക്കവുമൊക്കെ കൈമുതലാക്കാനും ഓർമശക്തി വർദ്ധിപ്പിക്കാനും കൂട്ടായത് പ്രിയവിനോദമായ ചെസ് ആണ്'. അജീഷ് സർ ഓർത്തെടുത്തു.

പട്ടിണി കിടന്ന മനുഷ്യർക്ക് അന്നം കൊടുത്ത മദർ തെരേസയുടെ ഹീറോയിസം ജീവിതമാതൃകയാക്കിയ ഇദ്ദേഹത്തിന് കൃഷിയും ഫുട്ബോളുമൊക്കെ ഇഷ്ടവിഷയങ്ങളാണ്. എല്ലാ ജീവജാലങ്ങൾക്കും നൻമ വരാൻ ആഗ്രഹിക്കുന്ന ഈ യുവാവ് പ്രകൃതിയുടെ കൗതുകമുള്ള വൈവിധ്യങ്ങളെ പ്രണയിക്കുന്നു.

'എന്നെ സംബന്ധിച്ച് സ്വാതന്ത്ര്യവും സന്തോഷവുമാണ് ജീവിതത്തിന്റെ ഇതിവൃത്തം. ഉള്ളിലെ കഴിവുകളെ കണ്ടെത്തുക, വളർത്തുക, പ്രോത്സാഹനക്കുറവുകളൊന്നും തളർച്ചക്ക് കാരണമാകാതെ ബൗദ്ധിക പക്വതയോടൊപ്പം വൈകാരിക പക്വതയും ആർജിക്കുക. ജീവിതവിജയം സുനിശ്ചിതമാണ്'. അജീഷ് സർ പറഞ്ഞു നിർത്തി.

അറക്കപറമ്പിൽ ആന്റണി മേരിക്കുട്ടി ദമ്പതികളുടെ മൂത്തമകനായ അജീഷിന് മൂന്ന് സഹോദരൻമാരാണുള്ളത്.

# കേരളോത്സവം - 22 നവംമ്പർ 19 മുതൽ

ജിനി ജോസഫ്

അങ്ങാടിക്കടവ്: കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് നടത്തുന്ന കേരളോത്സവം അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ 19-11-2022 ശനിയാഴ്ച മുതൽ നടത്തപ്പെടും. യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനു അവസരമൊരുക്കുക, അവരിൽ സാഹോദര്യവും സഹകരണബോധവും സഹവർത്തിത്വവും വളർത്തുക, ഒരു പൊതു സംഗമവേദിയിൽ ഒരുമിച്ചു കൂട്ടുന്നതിനു അവസരമൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനായാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എല്ലാവർഷവും കേരളോത്സവം സംഘടിപ്പിച്ചു പോ രുന്നത്. സംസ്ഥാനതലത്തിൽ വിജയികളായവർക്ക് ദേശീയ യുവോത്സവത്തിൽ പങ്കെടുക്കാൻ സാധിക്കും.

അയ്യൻകുന്ന് പഞ്ചായത്തിൽ കരിക്കോട്ടക്കരി സെൻറ് തോമസ് യു.പി സ്കൂളിലെ ഉദ്ഘാടന സമ്മേളത്തിനു ശേഷം അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ, അങ്ങാടിക്കടവ് ഇൻഡോർ സ്റ്റേഡിയം, ഡോൺ ബോസ്കോ കോളേജ് ഗ്രൗണ്ട്, കരിക്കോട്ടക്കരി സെൻറ്. തോമസ് യു. പി സ്കൂൾ എന്നിവിടങ്ങളിലായി വിവിധ കലാ - കായിക മത്സരങ്ങൾ നടത്തപ്പെടും. മത്സരയിനങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള 15 നും 40 നുമിടയിൽ പ്രായമുള്ളവർ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ചു ആധാർ കാർഡിൻറെ പകർപ്പ് സഹിതം 17-11-2022 നു വൈകുന്നേരം 5 മണിക്ക് മുൻപായി പഞ്ചായത്ത് ഓഫീസിൽ നേരിട്ടോ, അതാത് വാർഡ് മെമ്പർമാരുടെ കൈവശമോ ഏല്പിക്കേണ്ടതാണ്. മത്സരാർത്ഥികൾ അയ്യൻകുന്ന് പഞ്ചായത്ത് പരിധിയിലെ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾ വാർഡ് മെമ്പർമാരിൽ നിന്നു ലഭ്യമാണ്.

# പാഠ്യ പദ്ധതി പരിഷ്കരണം; ആശയരൂപീകരണ ജനകീയ ചർച്ച നടത്തി

പി.വി.മേഘ



*ജനകീയ ചർച്ച കരിക്കോട്ടക്കരി സെന്റ് തോമസ് എച്ച് എസിൽ*

കരിക്കോട്ടക്കരി: സംസ്ഥാനത്തെ പ്രീ പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാർത്ഥികളുടെ പാഠ്യ പദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കരിക്കോട്ടക്കരി സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിൽ ആശയരൂപീകരണ ജനകീയചർച്ച സംഘടിപ്പിച്ചു. മനുഷ്യന്റെ വിദ്യാഭ്യാസപരവും സാമൂഹികപരവുമായ ഉന്നമനത്തെ ലക്ഷ്യമിട്ടാണ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പാഠ്യപദ്ധതി കാലാനുചിതമായി പരിഷ്കരിക്കുന്നത്.

കരിക്കോട്ടകരി സ്കൂൾ ഓഡിറ്റോറിയത്തിൽ പ്രധാന അധ്യാപകൻ സണ്ണി സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പുറത്തിറക്കിയ 26 ഫോക്കസ് ഏരിയ അടങ്ങുന്ന കരട് രേഖ അവതരിപ്പിച്ചു. കരട് രേഖയിൽ ആവശ്യമായ വ്യക്തതയും തിരുത്തലുകളും ജനകീയ ചർച്ചയിൽ പങ്കെടുത്തവർ നി ർദ്ദേശിച്ചു.

'വിദ്യാഭ്യാസം എന്നത് കേവലം അറിവ് സമ്പാദനം മാത്രമല്ല. അതിനാൽ തന്നെ സമൂഹത്തിലെ ഓരോ വ്യക്തിയെയും മനസ്സിലാക്കാനും ബഹുമാനിക്കാനും പഠിക്കുന്നതിന്റെ ആദ്യ ചുവടായിരിക്കണം അവരുടെ പാഠ്യപദ്ധതി. വൈവിധ്യമാർന്ന പാഠ്യരീതികളുടെ ആവശ്യകതയെകുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിക്കാൻ ഈ ജനകീയ ചർച്ചയ്ക്ക് സാധിച്ചു.' പ്രധാന അധ്യാപകനായ സണ്ണി സെബാസ്റ്റ്യൻ പറഞ്ഞു.

ചർച്ചയിൽ അയ്യൻകുന്ന് പഞ്ചായത്ത് വാർഡ് മെമ്പർമാരായ സിബി വാഴക്കാല, ജോസഫ് അറ്റുകുളം, വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർപേഴ്സൺ ബീനാ റോജസ്, പി.റ്റി.എ പ്രസിഡന്റ് വിനോയി പാമ്പയ്ക്കൽ, റിട്ടേർഡ് അധ്യാപകർ, കർഷക പ്രതിനിധികൾ, വ്യാപാര പ്രതിനിധികൾ, അധ്യാപകർ, ജനപ്രതിനിധികൾ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ് : ജിസ്ന ഷിഫ | സബ് എഡിറ്റേർസ് : പി.വി മേഘ, ജോയ്സ് മേരി ജോർജ്, ജിനി ജോസഫ്, അക്ഷയ് തിലകൻ | ഫോട്ടോഗ്രാഫേഴ്സ് : ജിനി ജോസഫ്, മേഘ. പി. വി | ഡിസൈൻ: വി. അനന്യ, അഞ്ജന വിൻസെന്റ്